# 6

# നമ്മുടെ ദൈവം ധാർമ്മികൻ

ദൈവത്തെക്കുറിച്ചുള്ള നമ്മുടെ പഠനത്തിൽ ഇതുവരെ, അവൻ സർവ്വവ്യാപി, സർവ്വജ്ഞൻ, സർവ്വശക്തൻ, സൃഷ്ടിപരം, ചരിത്രപരമാണെന്നു നാം കണ്ടു. ഈ ഗുണങ്ങൾ ഓരോന്നും നമ്മുടെ ജീവിതത്തെ ബാധിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്നു എന്നു നാം കണ്ടെത്തി. വാസ്തവത്തിൽ, നാം പഠിക്കുന്ന ഈ ദൈവം ഇല്ലായിരുന്നുവെങ്കിൽ, നാം ഉണ്ടായിരുന്നില്ല. "അവനിലല്ലോ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നത് ..." (പ്രവൃത്തികൾ 17:28). നമ്മുടെ ദൈവം സമീപസ്ഥനും ശക്തനും, മനസ്സിലാക്കുന്നവനും അവൻ നമുക്കു വേണ്ടി നല്കുകയും നമ്മെ നയിക്കുകയും ചെയ്തു. ഇവക്കെല്ലാം, അതിലും കൂടുതലായി, നാം ദൈവത്തോടു തീർച്ചയായും നന്ദി ഉള്ളവരായിരിക്കണം.

നമ്മുടെ ക്ഷേമത്തിനായുള്ള പ്രധാനപ്പെട്ട ഒരു സ്വഭാവത്തെ നാം ഇതുവരെ - പരിഗണിച്ചില്ല. ദൈവം ഒരു ധാർമ്മിക വ്യക്തി അല്ലെങ്കിൽ, നാം മുൻപു പരിശോധിച്ച സ്വഭാവങ്ങളെല്ലാം കുഴപ്പം ഉള്ള അവലക്ഷണങ്ങളായി തീരും. നമ്മുടെ ജീവിതത്തിലെ ക്ഷേമവും, നിത്യ ലക്ഷ്യസ്ഥാനവും, ദൈവത്തിന്റെ ധാർമ്മികതയിലല്ലെങ്കിൽ നമുക്കു അധികം - ഒന്നും പറയുവാനില്ല. അതുകൊണ്ട്, ഈ പരമോന്നത സ്വഭാവത്തെ നമുക്കു ശ്രദ്ധയോടെ പഠിക്കാം.

### സത്യം ഉറപ്പിച്ചു

തികച്ചും ധാർമ്മികനാവുക എന്നാൽ തികച്ചും വിശുദ്ധനാകുക എന്നാണ് തികഞ്ഞ ശുദ്ധിയുള്ള അവസ്ഥയാണ് ധാർമ്മികവും ആത്മികവുമായ പൂർണ്ണത. തീർച്ചയായും, ഇതു ദൈവത്തെക്കുറിച്ചു മാത്രം പറയാവുന്നതാണ്. സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള ദൈവത്തിന്റെ വിശുദ്ധിയെ ബൈബിളിൽ ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. താഴെ പറയുന്ന ഉദാഹരണങ്ങൾ പരിഗണിക്കുക.

തന്റെ മകന്റെ ജനനത്തെകാത്തിരുന്നു മറിയ പാടി സ്തുതിക്കുകയുണ്ടായി: "... ശക്തനായവൻ എനിക്കു വലിയവ ചെയ്തിരിക്കുന്നു; ... അവന്റെ നാമം വിശുദ്ധം തന്നെ" (ലൂക്കൊസ് 1:49).

അപ്പൊസ്തലനായിരുന്ന യോഹന്നാനു സ്വർഗ്ഗീയരംഗം

തുറന്നുകൊടുത്തപ്പോൾ, ദൈവ സിംഹാസനത്തിനു ചുറ്റും മനുഷ്യരും ദൂതന്മാരും ഉണ്ടായതായി അവൻ കണ്ടു. “ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വ ശക്തിയുള്ള കർത്താവായ ദൈവം, പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ” എന്നു “ജീവികൾ” പാടിക്കൊണ്ടിരിക്കുന്നു (വെളിപ്പാട് 4:8). “ജീവികൾ” ദൈവത്തിനു മഹത്വവും ബഹുമാനവും സ്തോത്രവും സിംഹാസനത്തിലിരിക്കുന്നവനു നല്കുന്നു, അതോടൊപ്പം ഇരുപത്തി - നാലു മൂപ്പന്മാരും നിത്യനായ അവനെ ആരാധിച്ചു, പാടിക്കൊണ്ടിരുന്നു, “അവർ എന്നേക്കും ജീവിച്ചിരിക്കുന്നവനെ നമസ്ക്കരിച്ചു; കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ, മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ എന്നു പറഞ്ഞുകൊണ്ടു തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിനു മുമ്പിൽ ഇടും” (വെളിപ്പാട് 4:9–11). ആ “സ്വർഗ്ഗീയ കാഴ്ച്ചപ്പാടിൽ” നിന്നും ലോക സൃഷ്ടിക്കു മുൻപുതന്നെ ദൈവം പരിശുദ്ധൻ ആയിരുന്നു. സർവ്വ - ശക്തിയും, സർവ്വ - ജ്ഞാനവും അവന്റെ സ്വഭാവം ആയിരിക്കുന്നതുപോലെ തന്നെ വിശുദ്ധിയും അവന്റെ സ്വഭാവമാണ്.

വീണ്ടും, യെശയ്യാപ്രവാചകന്റെ മുൻപിൽ “സ്വർഗ്ഗീയദർശനം” ദൈവം കാണിച്ചു കൊടുത്തതു അവൻ കണ്ടു, ദൈവം ഉയർന്നിരിക്കുന്ന സിംഹാസനത്തിൽ ഇരിക്കുകയും ചുറ്റും സാറാഫുകൾ “സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, സർവ്വ ഭൂമിയും, അവന്റെ മഹത്വം കൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു ആർത്തു” (യെശയ്യാവ് 6:1–3).

തന്റെ സൃഷ്ടിയുമായുള്ള ബന്ധത്തിൽ പ്രകടിപ്പിച്ച ദൈവത്തിന്റെ സ്വർഗ്ഗത്തിലേയും ഭൂമിയിലെയും വിശുദ്ധി ഈ രംഗങ്ങൾ ഊന്നിപ്പറയുന്നു: “സർവ്വ ഭൂമിയും അവന്റെ മഹത്വം കൊണ്ടു നിറഞ്ഞിരിക്കുന്നു.” അവൻ മഹത്വവും ബഹുമാനവും സ്വീകരിപ്പാൻ യോഗ്യൻ കാരണം അവൻ സർവ്വതും സൃഷ്ടിച്ചു. അതുകൊണ്ടു, അവന്റെ സൃഷ്ടിത്വം വിശുദ്ധമാണ് എന്നു പറയാം. സൃഷ്ടിയിൽ നാം മാർഗ്ഗവും മനോഹാരിതയും, ക്രമവും കാണുന്നതുപോലെ ധാർമ്മിക ഗുണവും, നാം കാണുന്നുണ്ട്.

**സത്യം ചുമത്തിയിരിക്കുന്നു**

ദൈവത്തിന്റെ സൃഷ്ടിയിലും ചരിത്രത്തിലും നമുക്കുള്ള പശ്ചാത്തലത്തെ നാം ചർച്ച ചെയ്തശേഷം, ഇപ്പോൾ നമുക്കു വേണ്ടിയുള്ള ദൈവത്തിന്റെ പശ്ചാത്തലത്തെ അറിയാൻ നോക്കാം. ദൈവമാണ് (സൃഷ്ടിയിൽ) ആരംഭവും, നമ്മുടെ ജീവിതങ്ങളെ സുസ്ഥിരമാക്കുന്നവനും (ചരിത്രത്തിൽ) ആണ്. അവൻ ഏറ്റവും പരിശുദ്ധൻ ആകകൊണ്ട്, മനുഷ്യരിൽ നിന്നു അവൻ ധാർമ്മികത പ്രതീക്ഷിക്കുന്നു. ആ പ്രതീക്ഷ ശരിയുമാണ്. നമ്മെ സൃഷ്ടിച്ചതു ധാർമ്മികമായിട്ടാണ് വീഴ്ച്ചക്കു മുൻപുള്ള മനുഷ്യരുടെ അവസ്ഥ അതായിരുന്നു. അവർക്ക് അപ്പോൾ ദൈവത്തോട് നേരിട്ടുള്ള ബന്ധം ഉണ്ടായിരുന്നു, കാരണം അവർ ദൈവത്തെപോലെ വിശുദ്ധരായിരുന്നു, എങ്ങനെയായാലും,

അവൻ പാപം ചെയ്തശേഷം, അവർ ഭയവും ലജ്ജയും ഉള്ളവരായി. അവരുടെ പ്രാചീന കളങ്കരഹിതമായ അവസ്ഥ മാറി വികൃതമായി. അവരുടെ ധാർമ്മിക നിർമ്മലത പോയി. നമുക്ക് എല്ലാവർക്കും ബോധ്യമായ പഴക്കം – ചെന്ന സത്യമാണ്:

> ... എങ്കിലും, എവിടെപോയാലും, ഭൂമിയിൽ നിന്നു തേജസ് കടന്നുപോയതായി എനിക്ക് അറിയാം[1] ഒരിക്കൽ നിർമ്മലമായിരുന്നത് ഇപ്പോൾ നമ്മെ ഭയപ്പെടുത്തുന്നു.

ഒരിക്കൽ നിർമ്മലമായിരുന്നത് ഇപ്പോൾ കളങ്കമായി.

ദൈവജനത്തോട് ഒരിക്കൽ കൂടെ ദൈവത്തിലേക്കു തിരിഞ്ഞു അവന്റെ വിശുദ്ധി പങ്കിടുവാൻ ആവശ്യപ്പെടുന്നു: "ഞാൻ വിശുദ്ധനാകയാൽ, നിങ്ങൾ നിങ്ങളെത്തന്നെ വിശുദ്ധീകരിച്ചു; വിശുദ്ധന്മാരായിരിക്കേണം" (ലേവ്യാപുസ്തകം 11:44). അവരെക്കുറിച്ചുള്ള ദൈവത്തിന്റെ ഈ ആഗ്രഹം അവന്റെ സഹായത്തോടെ വിശുദ്ധ ജീവിതം നയിക്കുവാനായി, ബൈബിളിൽ ധാർമ്മികതയെപ്പറ്റി, ധാരാളം ഉപദേശങ്ങളും നല്കിയിട്ടുണ്ട്. നാം ജീവിക്കേണ്ട വഴി അവൻ രൂപപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട്, നമ്മുടെ ജീവിതത്തെക്കുറിച്ചു "കടപ്പാട്" ഒന്നുണ്ട്. അവൻ നമ്മെ സ്വീകരിക്കേണ്ടതിനു നമ്മുടെ ധാർമ്മികത്വം അവന്റെ ഉപദേശപ്രകാരം ആയിരിക്കണം.

ഈ "കടപ്പാട്" നമുക്കുണ്ടാകേണ്ടതു നമ്മുടെ മനസ്സാക്ഷിയെ ആസ്പദമാക്കി തീരുമാനിക്കേണ്ടതല്ല. മനസ്സാക്ഷിയോടുള്ള അപേക്ഷ പലപ്പോഴും നല്ലതാണ്. എങ്ങനെയായാലും, മറ്റു സാഹചര്യങ്ങളെപോലെ, പാപ സാന്നിധ്യത്താൽ നമ്മുടെ മനസ്സാക്ഷിയും വീണുപോയി എന്നു നാം തിരിച്ചറിയണം അതുകൊണ്ട്, നമ്മുടെ മനസ്സാക്ഷി, ന്യൂനതയുള്ളതാണ്. ഒരു വശത്ത് നാം മനസ്സാക്ഷിയെ ഒരിക്കലും ലംഘിക്കരുത്; മറുവശത്ത് മനസ്സാക്ഷി ഒരിക്കലും നമ്മുടെ അന്തിമ സഹായി ആകുവാൻ, അനുവദിക്കരുത്. നമ്മുടെ മനസ്സും മനസ്സാക്ഷിയും സ്വീകരിക്കേണ്ട സഹായി ദൈവത്തിന്റെ കല്പനകൾ ആയിരിക്കേണം. അതിനർത്ഥം നമ്മുടെ ധാർമ്മികത്വം, നമ്മുടെ ഇഷ്ടാനിഷ്ടങ്ങളെ ആസ്പദമാക്കിയാകരുത്, മറിച്ചു ദൈവവചനത്തിൽ അടിസ്ഥാനപ്പെടുത്തിയാകണം.

നമ്മുടെ ധാർമ്മികനിലവാരം മറ്റുള്ള നിയമപരമായിരിക്കരുത് ഉദാഹരണമായി, *ശക്തി ധാർമ്മികതയുടെ അടിസ്ഥാനമാണെന്നു പറയാൻ സാധ്യമല്ല.* അതു വ്യക്തികൾക്കോ ദേശങ്ങൾക്കോ ശരിയായിരിക്കയില്ല. അവസാനം ആഗ്രഹനിവർത്തീകരണ പ്രവൃത്തിയാകകൊണ്ട് ചിലതു ധാർമ്മികം എന്നു പറയുകയില്ല എന്നു നമുക്ക് അറിയാം.

*അവസാനം ആഗ്രഹിച്ച നേട്ടം കൈവരിക്കുന്ന പ്രവൃത്തികൾ ആയതുകൊണ്ടു മാത്രം ധാർമ്മികം ആകണമെന്നില്ല* എന്നു നമുക്ക് അറിയാം. അതു ശരിയാണെങ്കിൽ, രണ്ടാം ലോകമഹായുദ്ധത്തിൽ നാസികൾ നടത്തിയ ദശലക്ഷക്കണക്കിനു കൂട്ടക്കൊല ധാർമ്മികമായതിലേറെ ആ കൂട്ടക്കൊല അന്തിമ ആഗ്രഹനിവർത്തീകരണം

ആയിരുന്നു. പക്ഷെ ധാർമ്മികം ആയിരുന്നില്ല. ഏതെങ്കിലും വഴിയായി അവസാനം ആഗ്രഹനിവർത്തീകരണം ധാർമ്മികമാണെങ്കിൽ, ലോകം മുഴുവൻ ആവശ്യമനുസരിച്ചു ചെയ്യുന്ന ഭ്രൂണഹത്യ (1,500,000 ലധികം ഓരോ വർഷവും) ധാർമ്മികം ആകുമല്ലൊ[2] അല്ലേ?

*"കാര്യങ്ങൾ അങ്ങനെ" ആയതുകൊണ്ടു മാത്രം ചിലതു ധാർമ്മികം ആകണം എന്നില്ല.* പൂർണ്ണതയുള്ള ലോകത്തിലാണ് നാം ജീവിക്കുന്നതെങ്കിൽ സ്വാഭാവികമായി ചെയ്യുന്നതു പൂർണ്ണതയുള്ളതാകുമായിരുന്നു. മനുഷ്യർ പാപികളും, അപൂർണ്ണരും, ആകകൊണ്ട് നമ്മുടെ സ്വാഭാവിക ചായ്‌വ് വാസ്തവത്തിലുള്ള ധാർമ്മികതയിൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതല്ല. അടച്ചിട്ടതും - അല്ലെങ്കിൽ നിയമലംഘികളെയും ക്രിമിനൽ കുറ്റവാളികളെയും കൊണ്ട് തടവുകൾ നിറയുന്നതും എങ്ങനെ നാം വിശദീകരിക്കും? അതു ശരിയായിരിക്കയില്ല. ഇന്നു പ്രയോജനപ്രദമായതെല്ലാം ധാർമ്മികതയുടെ അടിസ്ഥാനത്തിലല്ല എന്നും നമുക്കു ബോധ്യമുണ്ട്. വീണുപോയ ലോകത്ത് വാസ്തവത്തിലുള്ള ധാർമ്മികത "സ്വാഭാവികമായി വരുന്ന" ഒരു വേദിയും ഇല്ല. നാം മറ്റേതെങ്കിലും നോക്കണം.

തന്റെ വിശുദ്ധിയാൽ ദൈവം തന്റെ സ്വഭാവത്തെ പരമോന്നതമായി പ്രദർശിപ്പിച്ചിരിക്കുന്നു. നമ്മുടെ ധാർമ്മിക ജീവിതത്തിനു സഹായവും അടിസ്ഥാനവും അവന്റെ വിശുദ്ധിയാണ്. പഴയ നിയമത്തിലെ അവന്റെ പ്രസ്താവന വ്യക്തവും തെറ്റുപറ്റാത്തതുമാണ്: "നിങ്ങളുടെ ദൈവമായ യഹോവ എന്ന ഞാൻ വിശുദ്ധനാകയാൽ, നിങ്ങളും വിശുദ്ധരായിരിപ്പിൻ" (ലേവ്യാപുസ്തകം 19:2). ഇതു പുതിയ നിയമത്തിലും കേൾക്കാം. ''നിങ്ങളെ വിളിച്ച്, വിശുദ്ധനു ഒത്തവണ്ണം എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ'' (1 പത്രൊസ് 1:15). നമ്മുടെ ധാർമ്മികതക്ക് അടിസ്ഥാനമായി നാം ദൈവത്തിന്റെ ധാർമ്മിക പൂർണ്ണതക്ക് ദൈവത്തെയാണ് നോക്കേണ്ടത്. അവൻ ശക്തിയായിരിക്കുന്നതുകൊണ്ട്, നാം എങ്ങനെയായിരിക്കണം, എങ്ങനെ ശരിയായതു ചെയ്യണം എന്നു പറയുന്ന ദൈവത്തെയാണ് നാം ബൈബിളിൽ കാണുന്നത്.

നാം എങ്ങനെയാണ് "ആവേണ്ടത്"? ദൈവം *പ്രത്യേകമായി* നാം എങ്ങനെയാണ് "ആവേണ്ടത്"? എന്നു മാത്രമല്ല പറയുന്നത്; നാം എങ്ങനെ "ആയി" തീരണം എന്നു അവൻ നമുക്കു കാണിച്ചു തന്നിട്ടുണ്ട്. ദൈവപുത്രനായ, ക്രിസ്തു പറഞ്ഞു, "ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രെ ചെയ്‌വാൻ ഇച്ഛിക്കുന്നതുകൊണ്ട് എന്റെ വിധി നീതിയുള്ളതു ആകുന്നു" (യോഹന്നാൻ 5:30). അവൻ അതിൽ ഉറപ്പിച്ചു. പിതാവിന്റെ ഇഷ്ടം നാം അവനിൽ ദൈവത്തിന്റെ ശ്രേഷ്ഠമായ ധാർമ്മികം കാണുന്നു. അതുകൊണ്ട്, ക്രിസ്തുവിനോടുള്ള ഉറപ്പിൽ, നമ്മുടെ അധർമ്മ ഇച്ഛകൾ വിട്ടുകളഞ്ഞു അവന്റെ ജീവിതം നമ്മിൽ കാണുമാറാകട്ടെ. വിശ്വാസത്തിൽ നാം, മാനസാന്തരപ്പെട്ടു, സ്നാനത്തിൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു ശുദ്ധീകരിക്കപ്പെട്ട് ജീവന്റെ പുതുക്കത്തിന് നടക്കേണ്ടതിനു എഴുന്നേൽപ്പ് "ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (പ്രവൃത്തികൾ 2:38; റോമർ 6:3, 4; ഗലാത്യർ 3:26, 27) നാം എന്ത് നല്കേണം എന്നു ദൈവം

ആഗ്രഹിക്കുന്നുവോ, അതു നാം വിശ്വാസത്താലും കൃപയാലും ആയി തീരുന്നു (എഫെസ്യർ 2:8, 9).

**സത്യം നിർവ്വഹിച്ചു**

ക്രിസ്തുവിലുള്ള പുതിയ ജീവിതത്തിനു പല വശങ്ങൾ ഉണ്ടെങ്കിലും, ഈ പാഠത്തിൽ നാം പഠിക്കുന്നത്, ധാർമ്മിക ജീവിതമാണ്. ധാർമ്മികമായി, നാം എങ്ങനെ ജീവിക്കും? ഉത്തരം ലളിതമാണെന്നു തോന്നുന്നു: ദൈനന്ദിന അടിസ്ഥാനത്തിൽ - നാം നമ്മുടെ അധാർമ്മിക ചിന്തയും സ്വഭാവങ്ങളും ഒഴിവാക്കുകയും ധാർമ്മിക സ്വഭാവം പരിശീലിക്കുകയും ചെയ്യും. എന്താണ് ധാർമ്മികം, എന്താണ് അധാർമ്മികം? മുൻപു, ചില തത്വങ്ങൾ നാം നോക്കുകയുണ്ടായി; ഇപ്പോൾ, നാം പ്രത്യേകമായി ഓരോന്നു നോക്കുകയാണ്. എങ്ങനെയായാലും, അങ്ങനെ ചെയ്യുന്നതിലൂടെ, നാം വിഷയം മടുത്തു പോകയില്ല. "ശരിയായ" ദിശയിൽ വിരൽ ചൂണ്ടുകമാത്രമാണ് ചെയ്യുന്നത്.

നമ്മുടെ ദൈവം ധാർമ്മികനാണ്. നമ്മുടെ എല്ലാ ധാർമ്മികതക്കും അടിസ്ഥാനമായിരിക്കുന്നത് അവന്റെ വിശുദ്ധിയാണ്, അതു പലപ്പോഴും തിരുവെഴുത്തിൽ പ്രത്യേകമായി പ്രദർശിപ്പിച്ചിട്ടുണ്ട്. താഴെ കൊടുത്തിരിക്കുന്ന നിഷേധമായ നിർദ്ദേശങ്ങൾ പള്ളികളിൽ ആവർത്തിക്കുന്നവ താഴെ കൊടുക്കുന്നു: കുല *ചെയ്യരുത്*, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയരുത്, മറ്റൊരാളെ ഉപദ്രവിക്കരുത്, ബലാൽസംഗം ചെയ്യരുത്, അനാദരവുകാണിക്കരുത് അല്ലെങ്കിൽ മാതാപിതാക്കളെ വ്രണപ്പെടുത്തരുത്, ഭോഷ്ക്ക് പറയരുത്, ആത്മാർത്ഥതയില്ലാതിരിക്കരുത്, വ്യഭിചാരത്തിൽ ഏർപ്പെടരുത്, ദുർന്നടപ്പു അരുത്, നിഷിദ്ധ സംഗമം അരുത്, അവലക്ഷണമായതു പ്രവർത്തിക്കരുത്.[3] ഇനി താഴെ കൊടുത്തിരിക്കുന്ന ക്രിയാത്മകമായ നിർദ്ദേശങ്ങൾ പള്ളികൾ ആവർത്തിക്കുന്നതു താഴെകൊടുക്കുന്നു: കരുണ ചെയ്വിൻ, സമാധാനമായിരിപ്പിൻ, ഔദാര്യമുള്ളവരാകുവിൻ, സ്നേഹമുള്ളവരാകുവിൻ, നേരുള്ളവരായിരിപ്പിൻ, താഴ്മയുള്ളവരാകുവിൻ, മാന്യതയുള്ളവരാകുവിൻ[4] ഈ ലിസ്റ്റുകൾ അപൂർണ്ണമാണ്, പക്ഷെ അവ നമ്മെ ശരിയായ ദിശയിലേക്കു നയിക്കുന്നു.

നമ്മുടെ ദൈവം ധാർമ്മികനാണ് തന്റെ സ്വരൂപത്തിൽ അവൻ നമ്മെ സൃഷ്ടിച്ചു. നാം ധാർമ്മികൻ ആകുവാൻ അവൻ ആഗ്രഹിക്കുന്നു. ധാർമ്മികത എന്തെന്നു അവൻ പ്രത്യേകമായി പറഞ്ഞിട്ടുണ്ട് ഈ പാഠത്തിൽ നാം പഠിച്ചു, (1) തികച്ചും വിശുദ്ധനായ ദൈവം എന്നാൽ എന്താണ് അർത്ഥം എന്ന് നാം പഠിച്ചു, (2) വീണുപോയ മനുഷ്യർക്ക് തങ്ങളുടെ അധാർമ്മികതയും മറ്റു പാപവും നീക്കം ചെയ്യുവാനുള്ള അവസരം അവൻ കൊടുത്തിരിക്കുന്നു, (3) ധാർമ്മിക ജീവിതം നയിക്കുവാനും വെല്ലുവിളിയും അവൻ നല്കിയിട്ടുണ്ട് സങ്കീർത്തനക്കാരൻ പറഞ്ഞു,

ഞാൻ യഹോവയുടെ പ്രവൃത്തകളെ വർണ്ണിക്കും; നിന്റെ പണ്ടത്തെ അത്ഭുതങ്ങളെ ഞാൻ ഓർക്കും ഞാൻ നിന്റെ സകല പ്രവൃത്തിയേയും കുറിച്ചു ധ്യാനിക്കും നിന്റെ ക്രിയകളെ ഞാൻ ചിന്തിക്കും, ദൈവമെ നിന്റെ വഴി, വിശുദ്ധമാകുന്നു; നമ്മുടെ ദൈവത്തെ പോലെ വലിയ ദൈവം ആരുള്ളു? (സങ്കീർത്തനങ്ങൾ 77:11–13).

---

കുറിപ്പുകൾ

[1]വില്ല്യം വേഡ്സ്വർത്ത്, "റീ കലക്ഷൻസ് ഓഫ് ഏർലി ചൈൽസ്ഹുഡ്," ഇൻ *ഒഡേ ഓൺ ദ ലിമിറ്റേഷൻസ് ഒഫ് ഇമ്മോറാലിറ്റി,* ലൈൻസ് 17-18. [2]ലാക്കാർഡ് സ്മിത്ത്, *വെൻ ചോയ്സ് ബികമ്സ് ഗോഡ്* (ഇയൂജ്ജീൻ, ഓർ.: ഹാർവെസ്റ്റ് ഹൗസ്, 1990), 82-86. [3]പുറപ്പാട് 21:15; ലേവ്യാപുസ്തകം 18:6-8, 23; 19:11, 29, 35; 20:13; 24:19, 20; ആവർത്തനപുസ്തകം 5:17-20; 19:3; 22:25; 1 കൊരിന്ത്യർ 6:18. [4]മത്തായി 5:7-9, 22, 28, 31, 39, 42-47; 6:1-4, 22, 23; 7:12, 24-27; 1 കൊരിന്ത്യർ 7:10-16; ഗലാത്യർ 5:14, 22; എഫെസ്യർ 5:3-5, 32; 1 പത്രൊസ് 2:1, 11, 12; 3:16; 4:3, 4; 5:5, 6; 2 പത്രൊസ് 1:7.

© 2009 Truth for Today